പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3005** **21. 06. 2013**- ലെ മറുപടി

<u>വിദേശങ്ങളിൽ ജയിലുകളിലും മറ്റും അകപ്പെടുന്ന മലയാളികൾ</u>

<u>ചോദ്യം</u>

<u>ശ്രീ. പി. തിലോത്തമൻ</u>

(എ) എത്ര പ്രവാസി മലയാളികൾ വർഷങ്ങളായി തിരികെ നാട്ടിലെത്താൻ കഴിയാതെയും സ്വന്തം വീട്ടുകാരുമായി ബന്ധപ്പെടാൻ പോലുമാകാതെയും വിദേശങ്ങളിൽപെട്ടിരിക്കുന്നു എന്നതു സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുമോ; ഇവരെ തിരികെ നാട്ടിലെത്തിക്കുവാൻ ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ;

(ബി) ഒട്ടേറെ പ്രവാസി മലയാളി തൊഴിലാളികൾ വിദേശങ്ങളിൽ കേസുകളിൽ പെട്ട് അവിടങ്ങളിലെ ജയിലുകളിൽ കഴിയേണ്ടിവരികയും അവരിൽ പലർക്കും നാട്ടിലുള്ളവരുമായി ബന്ധപ്പെടാൻ കഴിയാതെ വരികയും ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത്തരം സംഭവങ്ങൾ ഉണ്ടാകാതെയിരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

<u>ശ്രീ. കെ. സി. ജോസഫ്</u>
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ & ബി) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ ഇന്ത്യൻ എംബസിക്കോ സംസ്ഥാന സർക്കാരിനോ ലഭ്യമാക്കാറില്ല. എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ എത്ര കേരളീയർ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെമോചനത്തിനു വേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ കാര്യത്തിൽ ഗൾഫിലെ സാമൂഹ്യ പ്രവർത്തകരും മലയാളി സംഘടനകളും സഹായകമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. നാളിതുവരെ വളരെയധികം കേസുകളിൽ ഇടപെട്ട് നിരന്തര അന്വേഷണത്തിന്റെ ഫലമായി ഒട്ടനവധിപേരെ ജയിൽ മോചിതരാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് ജയിൽകേസിലും ഉടനടി നടപടി സ്വീകരിച്ച് സാധ്യമായ രീതിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ എംബസിയുടെ പാനലിൽ നിന്നുള്ള അഡ്വക്കേറ്റുമാരുടെ സേവനം ലഭ്യമാക്കി മോചനം സാധ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം കേസുകളിൽ കൂടുതൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നതിനായി "പ്രവാസി ലീഗൽ എയ്ഡ് സെൽ" എന്ന ഒരു പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിവരികയാണ്.

സെക്ഷൻ ഓഫീസർ